## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.224 — 09.03.2018 ന് മറുപടിയ്ക്ക്.

## നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് തിരക്ക് നിയന്ത്രണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള ടൂറിസ്റ്റുകളുടെ വൻ തിരക്ക് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് ടൂറിസ്റ്റുകളുടെ തിരക്ക് നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി ബഹു. വനംവകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.10.2017 ന് ഒരു അവലോകന യോഗം ചേരുകയുണ്ടായി. ഈ യോഗത്തിൽ, മൂന്നാറിൽ നിലവിലുള്ള സംവിധാനങ്ങളെ വിലയിരുത്തുകയും, പോരായ്മകൾ പരിഹരിക്കുന്നതിനെ കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. കുറിഞ്ഞി പൂക്കുമ്പോൾ എത്തുന്ന വിനോദ സഞ്ചാരികളുടെ സൗകര്യാർത്ഥം ഇരവികുളം ദേശീയോദ്യാനത്തിൽ പ്രവേശിക്കുന്നതിനുള്ള ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചു. കൂടാതെ നീലക്കുറിഞ്ഞി പൂക്കുന്ന സമയത്ത് ഉണ്ടാകാൻ സാധ്യതയുള്ള ടൂറിസ്റ്റുകളുടെ തിരക്ക് നിയന്ത്രിക്കുന്നതിനും, വിവിധ വകുപ്പുകൾ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട മുന്നൊരുക്കങ്ങൾ സംബന്ധിച്ചും ചർച്ച ചെയ്യുന്നതിനായി 11.10.2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, ടി യോഗത്തിൽ വനം, ടൂറിസം, തദ്ദേശ സ്വയംഭരണം, റവന്യൂ ആഭ്യന്തരം, ഗതാഗതം, ആരോഗ്യം, വൈദ്യുതി, പൊതുമരാമത്ത്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾക്ക് വകുപ്പുതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയുമുണ്ടായി. കുറിഞ്ഞി പൂക്കുന്ന കാലയളവിൽ മൂന്നാറിൽ ഒരേ സമയം ഉൾക്കൊള്ളാവുന്ന പരമാവധി സഞ്ചാരികളെ കുറിച്ചും, തിരക്ക് നിയന്ത്രിക്കുന്നതിന് ആവശ്യമായ ഗതാഗത നിയന്ത്രണത്തെക്കുറിച്ചും പഠിക്കുന്നതിന് NATPAC നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കൂടുതൽ പേർക്ക് കുറിഞ്ഞിപ്പൂക്കൾ കാണുന്നതിന് സൗകര്യമൊരുക്കുമോ; | (ബി) കുറിഞ്ഞി പൂക്കുന്ന സമയത്ത് മൂന്നാറിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്ക് പരമാവധി |

സൗകര്യമൊരുക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടേയും, ബഹു. വനം വകുപ്പ് മന്ത്രിയുടേയും അദ്ധ്യക്ഷതയിൽ ചേർന്ന യോഗങ്ങളിൽ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ ഏർപ്പെടുത്തേണ്ട സൗകര്യങ്ങളെക്കുറിച്ചും, ക്രമീകരണങ്ങളെക്കുറിച്ചും യോഗത്തിൽ തീരുമാനമായിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇരവികുളം ദേശീയോദ്യാനത്തിലെ ടൂറിസം സോണിൽ ഉപയോഗിക്കുന്നതിനായി വനം വകുപ്പിന്റെ കൈവശമുള്ള ബസ്സുകളുടെ എണ്ണം 7ൽ നിന്നും 10 ആയി വർദ്ധിപ്പിക്കുന്നതിനും ഇരവികുളം ദേശിയോദ്യാനത്തിൽ പ്രവേശനത്തിനുള്ള 50% ടിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനും, ടൂറിസ്റ്റുകൾക്ക് പാർക്കിൽ പ്രവേശിക്കുന്നതിനുള്ള സമയം ഒരു മണിക്കൂർ കൂടി ദീർഘിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണത്തെക്കുറിച്ചും ഏർപ്പെടുത്തേണ്ട ഗതാഗത ക്രമീകരണത്തെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ NATPAC നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിനോദ സഞ്ചാരികൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) തിരക്ക് ഒഴിവാക്കുന്നതിനായി ഇരവിപുരം നാഷണൽ പാർക്കിന് പുറമെ കുറിഞ്ഞി പൂക്കാനിടയുള്ള മറ്റ് സ്ഥലങ്ങൾ കൂടി അടയാളപ്പെടുത്തി സന്ദർശകരെ അത്തരം സ്ഥലങ്ങളിലേക്കും നയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) 04.10.2017-ന് ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ സഞ്ചാരികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഒരുക്കണമെന്നും, രാജമലയിലെ തിരക്ക് ഒഴിവാക്കുവാനായി രാജമലയിൽ പ്രവേശിക്കുവാൻ കഴിയാത്ത സഞ്ചാരികൾക്ക് നീലക്കുറിഞ്ഞി കാണുന്നതിന്, അത് പൂക്കുന്ന സമീപ പ്രദേശങ്ങൾ കൂടി കണ്ടെത്തണമെന്നും,, അവിടെ അതിനുള്ള സൗകര്യം ഒരുക്കണമെന്നും ബഹു. വനം വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ